പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1433 — 30.9.2011- ൽ മറുപടിയ്ക്ക്

## മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ .ഇ. ചന്ദ്രശേഖരൻ<br>ശ്രീ.ചിറ്റയം ഗോപകുമാർ<br>ശ്രീ . വി. ശശി<br>ശ്രീ. കെ. രാജു | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും) വകുപ്പ് മന്ത്രി |

(എ) മുൻ സർക്കാരിന്റെ കാലത്ത് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ആവിഷ്ക്കരിച്ച് നടപ്പാക്കി വന്ന പദ്ധതികൾ ഏതെല്ലാമെന്നും അതിൽ ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്ര സഹായം നേടിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്നും മൃഗസംരക്ഷണ വകുപ്പിൽ നടപ്പാക്കാനായി മുൻ സർക്കാരിന്റെ കാലത്ത് സമർപ്പിച്ച എത്ര പദ്ധതികൾക്ക് കേന്ദ്രഗവൺമെന്റിന്റെ അനുമതി ലഭിക്കാത്തതായി ഇപ്പോഴുമുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(എ) <u>മുൻ സർക്കാരിന്റെ കാലത്ത് മൃഗസംരക്ഷണ വകുപ്പിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിരുന്നു.</u>

1) സംസ്ഥാന പദ്ധതിയിനത്തിൽപ്പെട്ട മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ, കന്നുകാലി/വളർത്തു പക്ഷി രോഗങ്ങൾക്കെതിരെ പ്രതിരോധ കുത്തിവയ്പ് നൽകുന്ന പദ്ധതികൾ, പ്രജനന പരിപാടികൾ ശക്തിപ്പെടുത്തൽ, ഫാമുകളുടെ വികസനം, വിജ്ഞാന വ്യാപനവും പരിശീലനവും, ഭക്ഷ്യ സുരക്ഷാ പരിപാടി തുടങ്ങിയ പദ്ധതികൾ.

2) കേന്ദ്രാവിഷ്കൃത പദ്ധതികളായ കുളമ്പുരോഗ പ്രതിരോധം, കാലി വസന്ത നിർമ്മാർജ്ജനം, കോഴി-താറാവ് വളർത്തൽ കേന്ദ്രങ്ങളുടെ ശക്തിപ്പെടുത്തൽ, മൃഗാശുപത്രികളുടെ ശാക്തീകരണം തുടങ്ങിയവ.

3) കേന്ദ്ര സഹായത്തോടുകൂടിയ പ്രത്യേക പാക്കേജുകളായ വയനാട് പാക്കേജ്, കുട്ടനാട്/ഇടുക്കി പാക്കേജ് തുടങ്ങിയവ

4) കേന്ദ്ര സഹായത്തോടുകൂടിയ ഭക്ഷ്യ സുരക്ഷാ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന തുടങ്ങിയവ

5) ഗ്രാമീണ പശ്ചാത്തല വികസന നിധി (ആർ.ഐ.ഡി.എഫ്) പ്രകാരം അനുമതി ലഭിച്ച പദ്ധതികളായ ബ്രഹ്മഗിരി വികസന സൊസൈറ്റിയുടെ നേതൃത്വത്തിൽ ആധുനിക അറവുശാല സ്ഥാപിക്കുന്നത്, മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യയുടെ ശാക്തീകരണം തുടങ്ങിയവ.

കേന്ദ്രാവിഷ്കൃത പദ്ധതികളെല്ലാം തന്നെ തുടർ പദ്ധതികളായിരുന്നതിനാൽ എല്ലാ പദ്ധതികൾക്കും സഹായം ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ 2008-09ലും 2009-10ലും **10** കോടി രൂപ വീതം വിനിയോഗിച്ചുള്ള പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദന വർദ്ധനവിനുള്ള പദ്ധതികൾക്ക് സഹായം ലഭിക്കുകയുണ്ടായി.

പ്രത്യേക പാക്കേജുകൾ പ്രകാരം (കുട്ടനാട്, ഇടുക്കി, വയനാട്) സമർപ്പിച്ച പദ്ധതികൾക്കും സഹായം ലഭിച്ചിട്ടുണ്ട്.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കേന്ദ്ര സർക്കാരിന് സമർപ്പിച്ച പ്രധാന പദ്ധതികൾക്കെല്ലാം സഹായം ലഭിച്ചിട്ടുണ്ട്.

.... ..........3..

| | |
|---|---|
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പദ്ധതികൾ; അവ ഏതെല്ലാം? | (ബി) <u>ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ</u><br><br>1. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 114.35 കോടി രൂപയുടെ വിവിധ സംസ്ഥാന പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. ടി പദ്ധതികളെല്ലാം തന്നെ നടപ്പിലാക്കി വരികയാണ്. മൃഗചികിത്സാ സ്ഥാപനം ശക്തിപ്പെടുത്തൽ, കന്നുകാലി പ്രജനന പ്രവർത്തനങ്ങൾ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ നവീകരണം, ആട്/പന്നി/മുയൽ വളർത്തൽ യൂണിറ്റുകളുടെ സ്ഥാപനം, കർഷകരുടെ ക്ഷീര സംരംഭങ്ങൾക്കുള്ള സഹായ പദ്ധതി , വനിതകൾക്കായുള്ള മൃഗസംരക്ഷണ പദ്ധതി , കർഷകരുടെ ഉടമസ്ഥതയിലുള്ള ഡയറി ഫാമുകളുടെ യന്ത്രവൽക്കരണ സഹായം, മാതൃക മൃഗസംരക്ഷണ സംരംഭങ്ങളുടെ ശക്തിപ്പെടുത്തൽ, കന്നുകാലി ഇൻഷ്വറൻസ്, കന്നുകുട്ടി പരിപാലന പദ്ധതി തുടങ്ങിയവയാണ് പ്രധാന പദ്ധതികൾ.<br>2. പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശ പ്രകാരം മൃഗസംരക്ഷണ മേഖലയ്ക്കായി അനുവദിക്കപ്പെട്ട 150 കോടി രൂപയിൽ 2011-12 വർഷത്തെ വിഹിതമായ 37.50 കോടി രൂപ വിനിയോഗിച്ച് ഹൈടെക്ക് ഫാമുകളുടെ നിർമ്മാണം, മൾട്ടി സ്പെഷ്യാലിറ്റി മൃഗാശുപത്രിയുടെ നിർമ്മാണം , ക്ഷീരസംഘങ്ങളുടെ നവീകരണം , ഹൈടെക്ക് കോഴി വളർത്തൽ കേന്ദ്രം സ്ഥാപിക്കൽ , കന്നുകുട്ടി പരിപാലന പദ്ധതി തുടങ്ങിയവ ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു. |

.....................4....

കരുനാഗപ്പള്ളിയിലെ കാലിത്തീറ്റ ഫാക്ടറിയുടെ ശക്തിപ്പെടുത്തലിനായി ആർ.ഐ.ഡി.എഫ്. വഴി ലഭിച്ച 12 കോടി രൂപ വിനിയോഗിച്ചുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

കേന്ദ്ര സഹായത്തിനായി താഴെ പ്പറയുന്ന പദ്ധതികൾ സമർപ്പിച്ചിട്ടു മുണ്ട്.

1) ഗ്രാമീണ പിന്നാമ്പുറ കോഴി വളർത്തൽ വിപുലീകരണത്തിനായി മൃഗസംരക്ഷണ വകുപ്പും പൗൾട്രി വികസന കോർപ്പറേഷനും സമർപ്പിച്ചിട്ടുള്ള 18.40 കോടിയുടെ പദ്ധതി.

2) 'കോഴി-താറാവ് വളർത്തൽ വികസനം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ നവീകരണത്തിനായുള്ള 255 ലക്ഷം രൂപയുടെ പദ്ധതി.

3) മൃഗാശുപത്രികളുടെ ശക്തിപ്പെടുത്തലിനായി 17.48 കോടി രൂപയുടെ പദ്ധതി.

4) ഇടുക്കി പാക്കേജിനായി 497 കോടി രൂപയുടെ പദ്ധതി

5) ഭക്ഷ്യ സുരക്ഷയ്ക്കായുള്ള 10 കോടി രൂപയുടെ പശു, ആട്, കോഴി എന്നിവയുടെ വിതരണത്തിനുള്ള പദ്ധതി.

(signature)

സെക്ഷൻ ഓഫീസർ